പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 915

10/2/2016-ലെ മറുപടിയ്ക്ക്

## ശരണ്യ തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ശരണ്യ തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) ഭർത്താവ് മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, വിവാഹബന്ധം വേർപെടുത്തുകയോ, ഭർത്താവ് ശയ്യാവലംബരോ, നിത്യരോഗിയാവുകയോ ചെയ്യുന്നതോടുകൂടി മക്കളെയും വൃദ്ധരായ മാതാപിതാക്കളേയും സംരക്ഷിക്കേണ്ടി വരുന്ന അശരണരും സാമ്പത്തികവും, സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കും അംഗപരിമിതരായ വനിതകൾക്കും 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കും പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർക്കും സ്വയംതൊഴിലിലൂടെ ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീശാക്തീകരണവും, തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. |
| സി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കൾ ആരെല്ലാമാണ്; ഇതിൻ പ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് | സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും, വാർഷിക കുടുംബ വരുമാനം രണ്ടു ലക്ഷം രൂപയിൽ കവിയാത്തവരും, പ്രായം 18 നാം |

ധനസഹായം അനുവദിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

55 നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹമോചനം നേടിയവർ, 30 വയസുകഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഉപഭോക്താക്കൾ. 28/1/2016 - ലെ സ.ഉ.(പി) നം. 18/2016/തൊഴിൽ ഉത്തരവ് പ്രകാരം വികലാംഗരായ വനിതകളെയും, ശയ്യാവലംബരും നിത്യരോഗികളായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, കാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വനിതകൾക്ക് വിജയകരമായി ചെയ്യാൻ കഴിയുന്ന ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നത്. വളർത്തുമൃഗം- പക്ഷിപരിപാലനം, ചെറുകിട ബിസിനസ്, നാടൻപലഹാരം, കുട, ബാഗ്, സോപ്പ് മുതലായവയുടെ നിർമ്മാണം, കരകൗശല സാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവയ്ക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. ഇതുകൂടാതെ പ്രാദേശിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി വനിതകൾക്ക് വിജയകരമായും ലാഭകരമായും നടപ്പാക്കാൻ കഴിയുന്ന എല്ലാ പദ്ധതികൾക്കും ധനസഹായം അനുവദിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ